**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ: 257**

**11.10.2011 ൽ മറുപടിയ്ക്ക്**

## കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.സുരേഷ്കുറുപ്പ്<br>ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഈ വർഷം കേന്ദ്ര സഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; ഇതിൽ സംസ്ഥാന സർക്കാർ മുൻഗണന നൽകിയിരിക്കുന്നത് ഏതെല്ലാം പദ്ധതികൾക്കാണ്; ഇതിനായി എത്ര കോടി രൂപ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു ; | (എ) | ഈ വർഷം കേന്ദ്രസർക്കാർ സഹായത്തിനായി സമർപ്പിക്കപ്പെട്ട ടൂറിസം പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. കൊച്ചിയിലെ വില്ലിംഗ്ടൺ ഐലന്റിന്റെ വികസനം.<br>2. കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി- കക്കയം ഡാമിന്റെ പരിസരപ്രദേശങ്ങളുടെ വികസനം.<br>3. ആലപ്പുഴ ബാക്ക്‌വാട്ടർ സർക്യൂട്ട് വികസനം.<br>4. കിറ്റ്സിന് ഉത്തരവാദിത്തടൂറിസം റിസോഴ്സ് സെന്ററിനായി തിരുവനന്തപുരത്തെ റസിഡൻസി ബംഗ്ലാവിന്റെ വികസനം.<br>മേൽ പദ്ധതികളെല്ലാം തന്നെ സർക്കാർ മുൻഗണന നൽകുന്നവയാണ്. ഇതിനായി 86.96 കോടി രൂപ കേന്ദ്രസഹായം പ്രതീക്ഷിക്കുന്നു. |
| (ബി) | മുൻസർക്കാർ തയ്യാറാക്കിയ ആലപ്പുഴ, വയനാട്, തലശ്ശേരി, മുസിരിസ് സമഗ്ര പദ്ധതികളിൽ ഇതിനകം കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളവ ഏതൊക്കെയാണ്; എത്ര കോടിയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് ; | (ബി) | മുൻസർക്കാർ തയ്യാറാക്കിയ സമഗ്രപദ്ധതികളിൽ വയനാട് ഡെസ്റ്റിനേഷന്റെ വികസനത്തിന് 201.72 ലക്ഷം രൂപയുടേയും തലശ്ശേരിയുടെ സമീപപ്രദേശങ്ങളുടെ വികസനത്തിനായി 492.62 ലക്ഷം രൂപയുടേയും ആലപ്പുഴ ടൗൺസ്ക്വയറിന്റെ നിർമ്മാണത്തിനായി 254.38 ലക്ഷം രൂപയുടേയും മുസിരിസ് ഹെറിറ്റേജ് പദ്ധതിയ്ക്കായി 4052.83 ലക്ഷം രൂപയുടേയും ഭരണാനുമതി ഉൾപ്പെടെ മൊത്തം 5001.55 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ 5 വർഷം കൊണ്ട് കേന്ദ്രാനുമതി വാങ്ങിയ ടൂറിസം പദ്ധതികളുടെ മൊത്തം തുകയെത്ര; 2001-06 കാലയളവിൽ കേന്ദ്രാനുമതി വാങ്ങിയ ടൂറിസം പദ്ധതികളുടെ മൊത്തം തുകയെത്ര ? | (സി) | കഴിഞ്ഞ 5 വർഷം കൊണ്ട് കേന്ദ്രാനുമതി ലഭിച്ച ടൂറിസം പദ്ധതികളുടെ മൊത്തം തുക 17,593.49 ലക്ഷവും 2001 മുതൽ 2006 വരെ കാലയളവിൽ കേന്ദ്രാനുമതി ലഭിച്ച ടൂറിസം പദ്ധതികളുടെ മൊത്തം തുക 8,946.02 ലക്ഷവും ആണ്. |

സെക്ഷൻ ഓഫീസർ